# പതിനാലാം കേരള നിയമസഭ
# പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642** **29/01/2019-ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളെ ബന്ധപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ ചുവടെ പറയുന്ന സ്കൂളുകളെ ബന്ധപ്പെട്ട എം.എൽ.എ മാർ നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | സ്മാർട്ട് ക്ളാസ് റൂമിനു വേണ്ട സ്കൂളുകൾ<br><br>1. ഗവ.എൽ.പി.എസ്. അറുന്നൂറ്റിമംഗലം<br>2. എരുമക്കുഴി എൽ.പി.എസ്, നൂറനാട്<br>3. കല്ലിമേൽ എൽ.പി.എസ്<br>4. ചുനക്കര ഗവ.യു.പി.എസ്<br>5. ഇലിപ്പക്കുളം എൽ.പി.എസ്<br>6. വരേണിക്കാൽ വെൽഫയർ എൽ. പി.എസ്<br>7. താമരക്കുളം വെൽഫയർ എൽ. പി.എസ്<br><br>കിച്ചണിന് വേണ്ട സ്കൂളുകൾ<br><br>1. ഇറവങ്കര എൽ.പി.എസ്.<br>2. കുന്നം എൽ.പി.എസ്<br>3. കണ്ടിയൂർ ഗവൺമെന്റ് യു.പി.എസ്.<br>4. കണ്ണനാകുഴി എൽ.പി.എസ്.<br>5. ചത്തിയറ എൽ.പി.എസ്.<br>6. ഗവൺമെന്റ് എൽ.പി.എസ്. ഇരട്ട പള്ളിക്കുടം വെട്ടിയാർ<br>7. വെൽഫെയർ എൽ.പി.എസ്. കടുവിനാൽ |
| (സി) | പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) | പ്രസ്തുത സ്കൂളുകളിൽ ടി പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിന് സഹകരണ വകുപ്പിലെ ഏത് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ടി പദ്ധതിയുടെ നടത്തിപ്പിന് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ